**പതിമൂന്നാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6115 — 09.07.2013 ന് മറുപടിയ്ക്ക്.

**കറ്റിയംവയൽ റോഡിന്റെ പുനരുദ്ധാരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കല്പറ്റ നിയോജകമണ്ഡലത്തിൽ വനം വകുപ്പിന് കീഴിലുള്ള കറ്റിയംവയൽ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) കല്പറ്റ നിയോജകമണ്ഡലത്തിൽ വനം വകുപ്പിന് കീഴിലുള്ള കറ്റിയംവയൽ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.<br>വനപ്രദേശത്തുകൂടി കടന്നുപോകുന്ന പ്രസ്തുത റോഡിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം ടാറിംഗിന് അനുമതി നൽകാൻ കഴിഞ്ഞിരുന്നില്ല. 25.10.1980-ന് മുമ്പ് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരമുള്ള അനുമതി കൂടാതെ നിർമ്മിച്ചതും വർക്കിംഗ് പ്ലാനുകളിൽ ഉൾപ്പെടുന്നതുമായ ഫോറസ്റ്റ് റോഡുകളാണെങ്കിൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് തടസ്സമാകുന്നില്ലെന്നും ടാറിംഗ് ജോലികൾക്ക് അനുമതി നൽകാവുന്നതാണെന്നും 17.10.2011, 18.11.2011 എന്നീ തീയതികളിലെ കത്തു മുഖേന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അറിയിച്ചതനുസരിച്ച് കറ്റിയംവയൽ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തിനായുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത റോഡിന്റെ ടാറിംഗ് പ്രവൃത്തികൾക്ക് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം അനുമതി നൽകാൻ കഴിയാതിരുന്നതായിരുന്നു പ്രധാന തടസ്സം. |
| (സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വനാവകാശ നിയമപ്രകാരം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.